Malayala Manorama
30 August 2018
Flood Relief

ചിരിപ്പിക്കും ഞാൻ: പ്രളയത്തിൽ വീടു നഷ്ടപ്പെട്ട് എഴിക്കര ദുരിതാശ്വാസ ക്യാംപിൽ താമസിച്ചിരുന്ന ആശ്രിതയ്ക്കും കുടുംബത്തിനും നാലു സെന്റ് ഭൂമി നൽകിയ പെയിന്റിങ് തൊഴിലാളി എ.കെ. സുനിലിനെ ആദരിക്കാൻ പൊന്നുരുന്നി സികെസിജിഎച്ച്എസിൽ സംഘടിപ്പിച്ച ചടങ്ങിൽ വിശിഷ്ടാതിഥിയായി എത്തിയ അഞ്ജന, സുനിലിനെ അഭിനന്ദിക്കുന്നതിനിടെ ചെറിയ പരിഭവം പറഞ്ഞു: "എപ്പോഴും ഗൗരവത്തോടെ ഇരിക്കുന്നതെന്താണ്, ഇടയ്ക്കൊന്നു ചിരിച്ചൂടേ ?" ഇതു കേട്ടു സദസ്സ് കയ്യടിച്ചപ്പോൾ അതുവരെ ഗൗരവത്തോടെ ഇരുന്ന സുനിലിന്റെ മുഖത്തും ചിരി വിടർന്നു. ചിത്രം: ഇ.വി. ശ്രീകുമാർ • മനോരമ